ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

		കിലോയ്ക്ക്
(ബി)	സംഭരണം പ്രഖ്യാപിച്ച സമയത്തെ വില	56 രൂപ
	ഇന്നത്തെ വില	49-59 രൂപ വരെ.
	സംഭരണ വില	75 രൂപ

(സി) കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷനെയാണ് സംസ്ഥാനത്ത് കുമുമുളക് സംഭരണത്തിനായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) വിശദവിവരം ചുവടെ ചേർക്കുന്നു:

ജില്ല	കർഷകരുടെ എണ്ണം	സംഭരിച്ച കുരുമുളക് (മെട്രിക് ടണ്ണിൽ)	നൽകിയ വില
ഇടുക്കി	338	47.248	75 രൂപ
വയനാട്	667	91.466	നിരക്കിൽ
പാലക്കാട്	118	10.56	കർഷകർക്ക്
മലപ്പുറം	48	6.60	വില
പത്തനംതിട്ട	3	0.451	നൽകിയിട്ടുണ്ട്.
	1174	156.325	

പ്രകൃതിദത്ത ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന ശൃംഖല

107 [1185] ശ്രീ. ജോണ് നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയറും അനുബന്ധ വ്യവസായവും ഇന്ന് അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ നേരിടുവാനായി പ്രകൃതിദത്ത ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന ശൃംഖല വ്യാപിപ്പിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമൂലം കയർ മേഖലയ്ക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കയർവ്യവസായം ഇന്ന് നേരിടുന്ന പ്രധാന പ്രശ്നമായ ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് അന്യ സംസ്ഥാനങ്ങളിൽ നിന്നും ലക്ഷദ്വീപിൽ നിന്നും കയർഫെഡ്, കയർ കോർപ്പറേഷൻ വഴി ചകിരി വാങ്ങി വിതരണം ചെയ്തു. ചകിരി ഇറക്കുമതിക്കുള്ള നടപടി എടുത്തുവരുന്നു. സംസ്ഥാനത്ത് ചകിരിയുൽപ്പാദനം വർദ്ധിപ്പി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിനായി ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് 50 ശതമാനം സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ആഗോളാവശ്യങ്ങൾക്കനുസൃതമായി ഗുണമേൻമയും വൈവിദ്ധ്യവുമുള്ള കയർ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനും മറ്റ് നാരുകളിൽ നിന്നുള്ള വില മാൽസര്യം നേരിടാനും കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു. കമ്പോള നിലവാരത്തിനനുസൃതമായ ഡിസൈനുകളിൽ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുവാൻ കയർ വികസന വകുപ്പ് സബ്സിഡി നൽകിവരുന്നു. കയർ മേഖലയിൽ പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ (സി.എഫ്.സി.) സ്ഥാപിക്കുന്നതിന് ഗ്രാന്റ് നൽകുന്നു. കയർ സംസ്ക്കരണ യന്ത്രങ്ങളുടെ നവീകരണം, മൂല്യവർദ്ധിത കയറുൽപ്പന്നങ്ങൾക്കായി വൈവിദ്ധ്യവൽക്കരണം, കയർ മേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ തുടങ്ങിയ മേഖലകളിൽ കൂടുതൽ ഗവേഷണങ്ങൾ ഏറ്റെടുക്കുന്നതിനും കയർ വ്യവസായത്തിന്റെ സർവതോൻമുഖമായ പുരോഗതിക്കുമായി ദേശീയ കയർ ഗവേഷണ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (NCRMI) പ്രാരംഭ പ്രവർത്തനം തുടങ്ങുന്നതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന് തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ തറക്കല്ലിട്ടു. കയർ ഭൂവസ്ത്രവികസനം ഒരു ഉന്നൽ മേഖലയായി കണക്കാക്കി കയർ ഭൂവസ്ത്ര വികസന പരിപാടികൾ നടത്തിവരുന്നു.

കയർ ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കാനായി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് സമഗ്രമായ ഒരു പഠനം ഉടനെ നടത്താനുദ്ദേശിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിനകത്ത് വിപണന മേളകളിൽ പങ്കെടുക്കുന്ന കയർ സഹകരണ സംഘങ്ങൾക്കും കയർ കോർപ്പറേഷൻ, കയർ ഫെഡ്, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് ഒരു വർഷത്തിൽ 20,000 രൂപയും അന്തർദേശീയ വിപണന മേളകളിൽ പങ്കെടുക്കുന്ന മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് വർഷത്തിൽ 50,000 രൂപയും സബ്സിഡി നൽകിവരുന്നുണ്ട്. 50 ശതമാനം കേന്ദ്രസഹായത്തോടെയുള്ള എം.ഡി.എ. പദ്ധതി നടപ്പിലാക്കിവരുന്നു. ¼ HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത മോട്ടോർ റാട്ടും ഒരു മാസത്തെ പ്രവർത്തനമൂലധനവും പരിശീലനവും വർക്ഷെഡ് സൗകര്യവും നൽകി 6000 സ്ത്രീ കയർ തൊഴിലാളികളുടെ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു.

(ബി) കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനും അതുമൂലം മറ്റ് നാരുകളോട് വില മാത്സര്യത്തിനും ആഗോളതലത്തിൽ കമ്പോളം കണ്ടുപിടിക്കുന്നതിനും സഹായിക്കുന്നു.

2. കമ്പ്യൂട്ടറൈസ്ഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഫലമായി ആഗോള വിപണിക്ക് അനുസൃതമായി മൂല്യവർദ്ധിതവും വൈവിദ്ധ്യമാർന്നതുമായ ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിന് സഹായിക്കുന്നു.

3. ചെറുകിട കയറുൽപ്പാദകർക്ക് കൂടുതൽ ഗുണമേൻമയുള്ളതും ആകർഷകവുമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ (CFSC) സഹായിക്കുന്നു.

4. ദേശീയ അന്തർദേശീയ വിപണികൾ കണ്ടെത്തുന്നതിനും കയർ സംസ്കരണ യന്ത്രങ്ങളുടെ നവീകരണത്തിനും കയർ മേഖലയിൽ കൂടുതൽ ഗവേഷണ പരിപാടികൾ നടത്തുന്നതിനുo ദേശീയ കയർ ഗവേഷണ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

(NCRMI) സഹായകമാകുന്നു. ഈ പരിപാടികളെല്ലാം കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുവാനും വാർഷിക കയറ്റുമതി ഉയർത്തുവാനും ഉദ്ദേശിച്ചുള്ളവയാണ്.

പാലക്കാട് ജില്ലയെ വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കുവാൻ നടപടി

108 [1187] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 വേനൽക്കാലത്തെ വരൾച്ചയിൽ പാലക്കാട് ജില്ലയിൽ നെല്ല്, തെങ്ങ്, കമുക്, വാഴ തുടങ്ങിയ കൃഷികൾ നശിച്ചതുമൂലം ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കൃഷി നാശം സംഭവിച്ച കർഷകർക്ക് ദുരിതാശ്വാസം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) പാലക്കാട് ജില്ലയിൽ എത്ര കർഷകർ വരൾച്ചാ ദുരിതാശ്വാസത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. ഇവരിൽ എത്ര പേർക്ക് ഇതുവരെയായി വരൾച്ചാ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്;

(ഇ) 2004-ലെ ഭീമമായ കൃഷി നാശത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2004-ലെ വരൾച്ചയിൽ പാലക്കാട് ജില്ലയിൽ നെൽകൃഷിക്ക് 10,108.32 ലക്ഷം രൂപയുടേയും തെങ്ങ് കൃഷിക്ക് 1904 ലക്ഷം രൂപയുടേയും വാഴകൃഷിക്ക് 4905 ലക്ഷം രൂപയുടേയും കമുക് കൃഷിക്ക് 186.76 ലക്ഷം രൂപയുടേയും നഷ്ടം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് സർക്കാർ ദുരിതാശ്വാസം നൽകി വരുന്നു.

(ഡി) പാലക്കാട് ജില്ലയിൽ 88628 കർഷകർ വരൾച്ചാ ദുരിതാശ്വാസത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. ഇവരിൽ 88520 കർഷകർക്കായി 13.94 കോടി രൂപ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ഇ) പാലക്കാട് ജില്ലയെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.

കാർഷിക വൈദ്യുതി ചാർജ്

109 [1188] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ കാർഷിക വൈദ്യുതി ചാർജ് ഇനത്തിൽ വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly